**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് - 2011-12-ൽ നടപ്പിലാക്കിയ പുറപ്പുഴ സി.എച്ച്.സി-യിൽ പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങിയത് - ലോക്കൽ ഫണ്ട് ഓഡിറ്റ് തടസ്സമുണ്ടായത് - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്

സ.ഉ.(സാധാ)1860/16/തസ്വഭവ തിരുവനന്തപുരം, തീയതി, 07.06.2016

=====================================================================

പരാമർശം: 1) തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 08.07.15 തീയതിയിലെ ബി1 -1173/ 14 നമ്പർ കത്ത്

2) ഗ്രാമവികസന കമ്മീഷണറുടെ 15.10.15 തീയതിയിലെ 17155/ഡിപി4/15/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2011-12-ൽ നടപ്പിലാക്കിയ പുറപ്പുഴ സി.എച്ച്.സി-യിൽ പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ വാങ്ങിയതിനു ചെലവായ 1,39,900 രൂപയ്ക്കു ഓഡിറ്റ് തടസ്സം ഉണ്ടായതിനു സാധൂകരണം നൽകുന്നതിന് തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം അപേക്ഷിക്കുകയുണ്ടായി. പദ്ധതിയിൽ മറ്റു ക്രമക്കേടുകൾ ഒന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ലാത്തതിനാലും, സർക്കാർ സാധൂകരണം ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിന്റെ നിർദ്ദേശമുള്ളതിനാലും, കിടപ്പിലായവരും നിരാലംബരുമായ രോഗികൾക്ക് ഉപകരണം വാങ്ങി നല്കിയ പദ്ധതിയായതിനാലും സാധൂകരണം നൽകാമെന്ന് സൂചന (2) പ്രകാരം ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് 2011-2012-ൽ നടപ്പിലാക്കിയ പുറപ്പുഴ സി.എച്ച്.സി യിൽ പാലിയേറ്റീവ് കെയർ ഉപകരണങ്ങൾ 1,39,900/- (ഒരു ലക്ഷത്തി മുപ്പത്തി ഒൻപതിനായിരത്തി തൊള്ളായിരം രൂപ മാത്രം) രൂപയ്ക്ക് വാങ്ങി നൽകിയ നടപടിക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ടി.ജെ. ഉണ്ണികൃഷ്ണൻ**
ഗവ. ഡെപ്യൂട്ടി സെക്രട്ടറി

To

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. സെക്രട്ടറി/പ്രസിഡന്റ്, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
5. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ